**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 79** **09-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ടെലിവിഷൻ അവാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ടെലിവിഷൻ അവാർഡിനായി രചനാ വിഭാഗത്തിൽ വേണ്ടത്ര എൻട്രികൾ ലഭിക്കാത്തത് മൂലം അവാർഡ് നൽകാൻ കഴിയാത്ത സ്ഥിതി നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | രചനാവിഭാഗത്തിൽ വേണ്ടത്ര എൻട്രികൾ ഇല്ലാത്തതിനാൽ അവാർഡ് നൽകാൻ കഴിയാത്ത സ്ഥിതി ഉണ്ട്. 2016 ലും 2018 ലും മികച്ച പുസ്തകത്തിന് എൻട്രികൾ ഉണ്ടായിരുന്നില്ല. അതിനാൽ ഈ വിഭാഗത്തിൽ അവാർഡ് നൽകാനും കഴിഞ്ഞില്ല. 2020 ൽ ഒരു പുസ്തകം മാത്രമാണ് ജൂറിയുടെ പരിഗണനയ്ക്ക് വന്നത്. സംസ്ഥാന ടെലിവിഷൻ അവാർഡിന്റെ നിയമാവലി പ്രകാരം രണ്ടിൽ കൂടുതൽ അപേക്ഷകൾ ഇല്ലാത്ത വിഭാഗങ്ങളിൽ അവാർഡ് നൽകുന്നതല്ല. അതിനാൽ 2020 ൽ പുസ്തകത്തിന് അവാർഡ് നൽകിയിട്ടില്ല. ടെലിവിഷനെക്കുറിച്ചുള്ള 2019 ലെ മികച്ച ലേഖനത്തിന് പുരസ്കാരം നൽകുന്നതിന് നിലവാരമുള്ള എൻട്രികൾ ലഭിക്കാത്തതിനാൽ ആ വർഷം ഈ ഇനത്തിൽ അവാർഡ് നൽകിയിട്ടില്ല. |
| (ബി) | വേണ്ടത്ര എൻട്രികൾ ലഭിക്കാത്തതിനാൽ എൻഡോവ്മെന്റുകൾ ഏർപ്പെടുത്തണമെന്ന നിർദ്ദേശം ജൂറി മുന്നോട്ട് വച്ചിട്ടുണ്ടോ; സർക്കാർ അത്തരത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ടെലിവിഷനെക്കുറിച്ചുള്ള മികച്ച രചനകളുടെ അഭാവം പരിഹരിക്കുന്നതിനായി പഠന, ഗവേഷണ ഫെലോഷിപ്പുകൾ ഏർപ്പെടുത്തണമെന്നും ടെലിവിഷൻ രചനാ ശിൽപ്പശാലകൾ സംഘടിപ്പിക്കണമെന്നും 2019 ലെ ജൂറി നിർദേശിച്ചിട്ടുണ്ട്. ടെലിവിഷൻ പഠനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി സർക്കാർതലത്തിൽ ടി.വി. ആസ്വാദന രചനാശിൽപ്പശാലകൾ സംഘടിപ്പിക്കണമെന്ന് 2018 ലെ ജൂറി നിർദേശിച്ചിരുന്നു. 2018 ജൂൺ 16 മുതൽ 21 വരെ തിരുവനന്തപുരം അട്ടക്കുളങ്ങര സീമാറ്റിൽ വെച്ച് ചലച്ചിത്ര അക്കാദമി ടെലിവിഷൻ ശിൽപ്പശാല സംഘടിപ്പിച്ചിരുന്നു. ടെലിവിഷനുമായി ബന്ധപ്പെട്ട ശിൽപ്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തിൽ ചലച്ചിത്ര അക്കാദമിയുടെ ഇന്റേണൽ ബജറ്റിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ അതിന്റെ വിശദാംശം എന്തൊക്കെയാണ്; ഇല്ലെങ്കിൽ അത്തരം നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ടെലിവിഷനെക്കുറിച്ചുള്ള മികച്ച രചനകളുടെ അഭാവം പരിഹരിക്കുന്നതിനായി പഠന, ഗവേഷണ ഫെലോഷിപ്പുകൾ ഏർപ്പെടുത്തണമെന്നും ടെലിവിഷൻ രചനാ ശിൽപ്പശാലകൾ സംഘടിപ്പിക്കണമെന്നും 2019 ലെ ജൂറി നിർദേശിച്ചിട്ടുണ്ട്. ടെലിവിഷൻ പഠനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി സർക്കാർതലത്തിൽ ടി.വി. ആസ്വാദന രചനാശിൽപ്പശാലകൾ സംഘടിപ്പിക്കണമെന്ന് 2018 ലെ ജൂറി നിർദേശിച്ചിരുന്നു. 2018 ജൂൺ 16 മുതൽ 21 വരെ തിരുവനന്തപുരം അട്ടക്കുളങ്ങര സീമാറ്റിൽ വെച്ച് ചലച്ചിത്ര അക്കാദമി ടെലിവിഷൻ ശിൽപ്പശാല സംഘടിപ്പിച്ചിരുന്നു. ടെലിവിഷനുമായി ബന്ധപ്പെട്ട ശിൽപ്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ ചലച്ചിത്ര അക്കാദമിയുടെ ഇന്റേണൽ ബജറ്റിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ